**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 442 — 11.6.2013 ൽ മറുപടിയ്ക്ക്

## ആർ.ടി ഓഫീസുകളിലെ ഫാസ്റ്റ് ട്രാക്ക് കൗണ്ടർ

| ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ : | | ഉത്തരം<br>ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിലെ ആർ.ടി ഓഫീസുകളിൽ എവിടെയെല്ലാമാണ് ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സംവിധാനമുള്ളത്; വിശദമാക്കാമോ; | (എ) | കന്നമ്മൂർ, അങ്കമാലി, തിരൂരങ്ങാടി, ചാലക്കുടി, റാന്നി എന്നിവിടങ്ങളിലെ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഒഴികെ സംസ്ഥാനത്തെ മറ്റെല്ലാ ആർ.ടി./സബ് ആർ.ടി ഓഫീസുകളിലും ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സംവിധാനം നിലവിലുണ്ട്. ഈ ഓഫീസുകളിലും ഉടൻ തന്നെ ഫാസ്റ്റ് ട്രാക്ക് സംവിധാനം ആരംഭിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത സംവിധാനം വഴി പൊതുജനങ്ങൾക്ക് എന്തൊക്കെ സേവനങ്ങളാണ് ലഭ്യമാകുന്നത് ; | (ബി) | ഫാസ്റ്റ് ട്രാക്ക് സംവിധാനം വഴി താഴെ പറയുന്ന സേവനങ്ങളാണ് നൽകുന്നത്.<br>1 ഡ്രൈവിംഗ് ലൈസൻസ്<br>എ ലൈസൻസ് പുതുക്കൽ<br>ബി മേൽവിലാസം മാറ്റൽ<br>സി ലൈസൻസ് വിവരങ്ങൾ<br>ഡി ഡ്യൂപ്ലിക്കേറ്റ് ലൈസൻസ്<br>2 കണ്ടക്ടർ ലൈസൻസ്<br>എ കണ്ടക്ടർ ലൈസൻസ് പുതുക്കൽ<br>ബി മേൽവിലാസം മാറ്റൽ<br>സി ലൈസൻസ് വിവരങ്ങൾ<br>ഡി ഡ്യൂപ്ലിക്കേറ്റ് ലൈസൻസ്<br>3 വാഹനങ്ങൾ സംബന്ധിച്ചുള്ളവ<br>എ ഉടമസ്ഥാവകാശം മാറ്റൽ (നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ മാത്രം ഇതിൽ സ്വന്തം ആവശ്യത്തിനുള്ള പ്രൈവറ്റ് സർവീസ് വാഹനങ്ങൾ ഉൾപ്പെടുന്നതല്ല)<br>ബി മേൽവിലാസം മാറ്റൽ<br>സി ഹൈപ്പോത്തിക്കേഷൻ നോട്ട് ചെയ്യാൻ<br>ഡി ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| | | | ഇ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സംബന്ധിച്ച വിവരങ്ങൾ<br>4 പെർമിറ്റ് സംബന്ധിച്ചുള്ളവ<br>എ മോട്ടോർ ക്യാബ് പെർമിറ്റ് പുതുക്കൽ<br>ബി ആട്ടോറിക്ഷ പെർമിറ്റ് പുതുക്കൽ |
| (സി) | ആർ.ടി.ഓഫീസുകളിൽ ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഏജന്റുമാരെയും ഇടനിലക്കാരെയും ഒഴിവാക്കുന്നതിന് വേണ്ടി വകുപ്പിന്റെ പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണം, എല്ലാ സർവ്വീസും എല്ലാ കൗണ്ടറിലും ലഭ്യമാക്കൽ, വെബ്സൈറ്റ്, സ്പീഡ് പോസ്റ്റ് സംവിധാനം, കോൾ സെന്റർ, ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സംവിധാനം, മൊബൈൽ ഗവേണൻസ്, ഓൺ ലൈൻ ആപ്ലിക്കേഷൻ, ഇ-പേയ്മെന്റ് മുതലായ പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇടനിലക്കാരെ ഒഴിവാക്കുന്നതിനായി വകുപ്പ് തലത്തിൽ നിർദ്ദേശങ്ങളും സർക്കുലറുകളും കാലാകാലങ്ങളായി പുറപ്പെടുവിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ അടിക്കടി പരിശോധന നടത്തി ലഭ്യമാക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, ക്രമക്കേടുകൾ കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ